# കയ്യൊപ്പ്



# LITTLE KITEs DIGITAL MAGAZINE

## 2019-20

## GHS PULLUR ERIYA

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

*ഒറ്റപ്പതിപ്പുള്ള പുസ്തകമീ ജന്മം....*

*ഒറ്റത്തവണ ഓരോപുറവും*

*നോക്കി വയ്ക്കുവാൻ മാത്രം നിയോഗം....*

*പഴയ താളൊക്കെ മറിഞ്ഞുപോയ്....*

*എന്നേക്കുമെങ്കിലും ചിത്രങ്ങളായി*

*കുറിമാനങ്ങളായി ചിലതത്രയും ഭദ്രം.....*

*ഓ.എൻ.വി.*

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : സിംജ കുര്യാക്കോസ്

സ്റ്റുഡന്റ് എഡിറ്റർ : ഹരി ഗോവിന്ദ് കെ വി

അംഗങ്ങൾ : 1.ആദിത്യൻ വി

2.അബ്ദുൾ അമൻ മുഹമ്മദ്

3.അക്ഷയ് കെ എസ്

4.അഭിരാം എ

5. ഷഫീഖ് കെ

കവർ പേജ് ഡിസൈൻ : അശ്വിൻ കുമാർ എ കെ

# ലിറ്റിൽ കൈറ്റ്സ് 2019–21 യൂണിറ്റ്



# ആശംസ

**പുല്ലൂർ ഇരിയ ഗവ.ഹൈസ്കൂളിലെ ആദ്യ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന കയ്യൊപ്പ് എന്ന ഡിജിറ്റൽ മാഗസിൻ സമ്പൂർണ്ണവും സമ്പുഷ്ടവുമാകട്ടെയെന്ന് ആശംസിക്കുന്നു.**



പ്രധാനാധ്യാപിക
ഷോളി എം സെബാസ്റ്റ്യൻ

# ആശംസ

**ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പുതിയ സംരംഭമായ കയ്യൊപ്പ് ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.**



പി ടി എ പ്രസിഡന്റ്

സുനിത വി വി

# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഇന്ന് ഹൈടെക് പദ്ധതിയിലൂടെയാണ് മുന്നോട്ടു പോകുന്നത്. പുസ്തകത്തിൽ എഴുതിയ അറിവുകൾ വായിച്ചു പഠിക്കുന്നതിനു പുറമെ സാങ്കേതിക വിദ്യയിലൂടെ കുട്ടികൾ മുന്നേറുന്നതിനുള്ള വിദ്യാഭ്യാസ പ്രക്രിയയാണ് ഹൈടെക് പദ്ധതി . സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു പുതുതലമുറയെ രൂപപ്പെടുത്തിയെടുക്കാനും ഇവ ഫലപ്രദമായി ഉപയോഗിക്കാനും ഇതിലൂടെ സാധിക്കുന്നു.

പുതുതലമുറയെ ഗുണപരമായും സർഗാത്മകമായും സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുതിനായി ഒരുക്കിയെടുക്കുന്ന ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ ഹൈടെക് പദ്ധതിയുടെ മറ്റൊരു ഇതളാണ് . ആകർഷകമായ പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ഇതിലൂടെ കുട്ടികൾക്ക് ലഭിക്കുന്നത് . ഓരോ കുട്ടിക്കും അവനവന്റെ അഭിരുചിക്കനുസരിച്ചുള്ള മേഖല തിരിച്ചറിയാനും സൈബർ ലോകത്തെ ചതിക്കുഴികൾ തിരിച്ചറിഞ്ഞ് സുരക്ഷിതമായി ഈ ഇന്റർനെറ്റ് യുഗത്തിൽ ജീവിക്കാനുള്ള പ്രാപ്തി നേടാനും ഇതിലൂടെ സാധ്യമാവുന്നു.

ഈ കൊച്ചു വിദ്യാലയത്തിലെ ആദ്യ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ അംഗങ്ങളായ ഞങ്ങളുടെ **കയ്യൊപ്പ്** പതിഞ്ഞ ഈ എളിയ സംരംഭം, ഞങ്ങൾ സ്വായത്തമാക്കിയ നുറുങ്ങ് അറിവുകളുടെ ശേഖരമാണ്. കുറ്റങ്ങളും കുറവുകളും സദയം ക്ഷമിക്കുമെന്ന പ്രതീക്ഷയിൽ ഈ ഡിജിറ്റൽ മാഗസിൻ പൊതുജന സമക്ഷം സമർപ്പിക്കുന്നു.



Simja Kuriakose

KITE MISTRESS



Dhanya K

KITE MISTRESS

# ഉള്ളടക്കം


| | | | |
|---|---|---|---|
| **2019-20 കാഴ്ചകളിലൂടെ** | | **കുഞ്ഞെഴുത്തുകൾ** | |
| പ്രവേശനോത്സവം | 9 | കുളിര് | 42 |
| "പ്രസാദം" സ്കൂൾ ആരോഗ്യ പദ്ധതി | 10 | കാർമുകിലിന്റെ സമ്മാനം | 43 |
| സ്വാതന്ത്ര്യ ദിനാഘോഷം | 11 | ഏകനായി....യാത്രയായി | 44 |
| വിജയോത്സവവും | 12 | എന്റെ നാട | 45 |
| കെട്ടിടോൽഘാടനവും | | ആഗ്രഹിച്ച നിധി | 46 |
| ഇനിയും വറ്റാത്ത നന്മയുടെ നാമ്പുകൾ | 15 | എന്തിനീ ക്രൂരത ? | 47 |
| ക്ലബ്ബുകളുടെ ഉദ്ഘാടനം | 17 | എന്ത് മനോഹരം എന്റെ നാട് | 48 |
| ഈ വർഷത്തെ അഭിമാന താരങ്ങൾ | 19 | ഒറ്റപ്പെട്ട പോയ നിലാപക്ഷി | 49 |
| **വരയും– വർണ്ണങ്ങളും** | 21 | ക്യാൻസർ രോഗികൾക്ക് തുണയായി നിന്ന ഒരു കൊച്ചു ബാലികയുടെ കഥ | 52 |
| **ദിനാചരണങ്ങൾ** | 28 | കാർമുകിലിന്റെ വർണം | 53 |
| പരിസ്ഥിതി ദിനം | 28 | ജീവിതം നീണ്ട സൗഹൃദം | 54 |
| യോഗ ദിനം | 29 | നല്ലവനായ വേട്ടക്കാരൻ | 56 |
| ബഷീർ ദിനം | 30 | പ്രകൃതിയെന്ന മാതാവ് | 57 |
| ശിശുദിനം | 31 | പ്രളയം | 58 |
| ഓണാഘോഷം | 33 | മാതൃഭൂമി | 59 |
| ഡിജിറ്റൽ പൂക്കളം | 33 | ലഭിക്കാത്ത സ്നേഹം | 60 |
| കേരളപ്പിറവി ദിനം | 34 | അമ്മ | 61 |
| **'വിദ്യാലയം പ്രതിഭകളോടൊപ്പം "** | | വിശപ്പിന്റെ മഹത്വം | 62 |
| ഒന്നാം ദിവസം | 35 | തിരിച്ചറിഞ്ഞ സ്നേഹം | 63 |
| രണ്ടാം ദിവസം | 36 | | |
| മൂന്നാം ദിവസം | 38 | | |
| നാലാം ദിവസം | 40 | | |

# 2019–20 കാഴ്ചകളിലൂടെ.....

## പ്രവേശനോത്സവം









# "പ്രസാദം" സ്കൂൾ ആരോഗ്യ പദ്ധതി









# സ്വാതന്ത്ര്യ ദിനാഘോഷം











# വിജയോത്സവവും കെട്ടിടോൽഘാടനവും









കെട്ടിടോദ്ഘാടനവും
വിജയോത്സവവും


ഗവ: ഹൈസ്കൂൾ പുല്ലൂർ ഇരിയ
കെട്ടിടോദ്ഘാടനവും
വിജയോത്സവവും


വിജയോത്സവവും

RMSA പദ്ധതിയിലുൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് നിർമ്മിച്ചു നൽകിയ 7 ക്ലാസ് മുറികളുള്ള ഇരു നില കെട്ടിടത്തിന്റെ ഉദ്ഘാടന കർമ്മം ബഹു. കേരള റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി ശ്രീ.ഇ ചന്ദ്രശേഖരൻ നിർവ്വഹിച്ചു. ചടങ്ങിൽ ബഹു.ഉദുമ എം എൽ എ ശ്രീ.കെ കുഞ്ഞിരാമൻ അധ്യക്ഷത വഹിച്ചു. ഇക്കഴിഞ്ഞ എസ് എസ് എൽ സി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും A+നേടിയ 7 പേരെയും USS, LSS സ്കോളർഷിപ്പ് ജേതാക്കളെയും ചടങ്ങിൽ അനുമോദിക്കുകയും പുരസ്കാരങ്ങൾ നൽകുകയും ചെയ്തു.കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ഏ ജി സി ബഷീർ, പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ശാരദ എസ് നായർ, കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത് വൈസ്പ്രസിഡണ്ട് ശ്രീമതി ഉഷ പി എൽ, പൊതു വിദ്യാഭ്യാസ സംരക്ഷണ യഞ്ജം ജില്ലാ കോർഡിനേറ്റർ ദിലീപ് മാസ്റ്റർ എന്നിവരും മറ്റ് പ്രമുഖരും പങ്കെടുത്തു.

# ഇനിയും വറ്റാത്ത നന്മയുടെ നാമ്പുകൾ



**ത്രിദേവ്**,സ്വന്തമായി സ്വരുക്കൂട്ടിയ തുക പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ ഒന്നാം ക്ലാസ്സുകാരൻ...

# ക്ലാസ്സധ്യാപികയുടെ തിരിച്ചറിവ്

നമ്മുടെ കുട്ടികൾ
നന്മയുടെ പൂമരങ്ങളായി
വളരണം. ഇന്ന് ശ്രീദേവ്.
മോൻ അതാണ് തെളിയിച്ചത്
അവൻ സ്വരുക്കൂട്ടിവച്ച കുറേ
നാണയത്തുട്ടുകൾ പ്രളയ-
ത്തിൽ ദുരിതമനുഭവിക്കുന്ന
മനുഷ്യർക്കായി അവൻ
സന്തോഷത്തോടെ വച്ചു
നീട്ടുമ്പോൾ അവനിലെയും
അവന്റെ മാതാപിതാക്കളി
ലെയും നന്മ ഞാൻ തിരിച്ചറി
ഞ്ഞു. അഭിനന്ദനങ്ങൾ.....
എല്ലാവർക്കും.......

സുലേഖ എം പി,

ക്ലാസ്സ് ടീച്ചർ,

I A

# ക്ലബ്ബുകളുടെ ഉദ്ഘാടനം












**2019-20 വർഷത്തെ വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം പ്രശസ്ത സാഹിത്യകാരൻ ശ്രീ.സന്തോഷ് പനയാൽ നിർവ്വഹിച്ചു.**

# ഈ വർഷത്തെ അഭിമാന താരങ്ങൾ



**സംസ്ഥാന പ്രവർത്തിപരിചയമേളയിൽ ബുക്ക്ബൈന്റിംഗ് വിഭാഗത്തിൽ A ഗ്രേഡ് നേടിയ ഹരിഗോവിന്ദ്.കെ.വി. ഒമ്പതാം തരം വിദ്യാർത്ഥിയാണ്.**

# ഇൻസ്പയർ അവാർഡ്




ശാസ്ത്ര സാങ്കേതിക രംഗത്ത് നൂതനാശയങ്ങളെ പരിപോഷിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ഇൻസ്പയർ അവാർഡിന് പുല്ലൂർ ഇരിയ ഗവ.ഹൈസ്കൂളിലെ ഒൻപതാം തരം വിദ്യാർത്ഥി അഭിരാം. എ അർഹനായി. പതിനായിരം രൂപയാണ് അവാർഡ് തുക.

# വരയും– വർണ്ണങ്ങളും

### കുട്ടികളുടെ സൃഷ്ടികൾ





Anugrah Krishna
Anugrah



കഥകളി


myural paint in saree


Very good


Scanned with CamScanner

# ജ്യോമട്രിക്കൽ പാറ്റേൺ



# ദിനാചരണങ്ങൾ

## പരിസ്ഥിതി ദിനം





# യോഗ ദിനം







# ബഷീർ ദിനം





# ശിശുദിനം










ജവഹർ ലാൽനെഹ്റുവിന്റെ 130–ാം ജൻമദിനവും ശിശുദിനവും സമുചിതമായി ആഘോഷിച്ചു. രാവിലെ നടന്ന അസംബ്ലിയിൽ ഹെഡ്മിസ്ട്രസും പി ടി എ പ്രസിഡണ്ടും കുട്ടികൾക്ക് ആശംസകൾ നേർന്ന് സംസാരിച്ചു. നെഹ്റുത്തൊപ്പി ധരിപ്പിച്ചും റോസാപ്പൂക്കൾ നൽകിയും പ്രീ പ്രൈമറിയിലെ 43 കുട്ടികളെയും അലങ്കരിച്ച് ആദരിച്ചു. മുഴുവൻ കുട്ടികൾക്കും മധുരപലഹാരം വിതരണം ചെയ്തു. എക്സൈസ് വകുപ്പ് നടപ്പാക്കുന്ന വിമുക്തി – ലഹരിമുക്ത കേരളം പദ്ധതിയുടെ ബാഡ്ജുകൾ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് നൽകി. തുടർന്ന് ഇരിയ ടൗണിലേക്ക് റാലിയും നടത്തി. അധ്യാപകർ, പി ടി എ,എംപിടിഎ കമ്മിറ്റി അംഗങ്ങൾ, രക്ഷിതാക്കൾ എന്നിവർ നേതൃത്വം നൽകി. തുടർന്ന് പ്രീ പ്രൈമറി വിദ്യാർത്ഥികളുടെ വിവിധ കലാ മത്സരങ്ങളും സമ്മാനദാനവും നടന്നു.

## ഓണാഘോഷം



## ഡിജിറ്റൽ പൂക്കളം





## കേരളപ്പിറവി ദിനം







**കേരളപ്പിറവി ദിനം വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ സമുചിതമായി ആഘോഷിച്ചു. അതിജീവനത്തിന്റെ പുതിയ മാതൃക ലോകത്തിനു മുമ്പിൽ കാണിച്ചുകൊടുക്കാൻ ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളിലെ പ്രളയത്തെ ഒറ്റക്കെട്ടായി അതിജീവിച്ചുകൊണ്ട് കേരളീയരായ നമുക്ക് സാധിച്ചു. ഇതിന്റെ പ്രതീകമായ ചേക്കുടി പാവകളെ പരിചയപ്പെടുത്തുന്നതുൾപ്പെടെയുള്ള വൈവിധ്യമാർന്ന പരിപാടികൾ കുട്ടികൾ അവതരിപ്പിച്ചു.**

# "വിദ്യാലയം പ്രതിഭകളോടൊപ്പം ......"

## ഒന്നാം ദിവസം








പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന 'വിദ്യാലയം പ്രതിഭകളോടൊപ്പം'എന്ന പരിപാടിക്ക് പുല്ലൂർ ഇരിയ ഗവ.ഹൈസ്കൂളിൽ തുടക്കമായി.പ്രശസ്ത തബല,കീബോർഡ്, വാദ്യോപകരണ വിദഗ്ധൻ ശ്രീ. ശിവരാജ് ഇരിയയുടെ വീട്ടിലെത്തി ഒരു കൂട്ടം അധ്യാപകരും വിദ്യാർത്ഥികളും അദ്ദേഹവുമായി സംവദിച്ചു. സ്കൂൾ ലീഡർ ലുലു മർജാന പൂച്ചെണ്ട് നൽകി ആദരിച്ചു. സംഗീതത്തെക്കുറിച്ചും വിവിധ വാദ്യോപകരണങ്ങളെക്കുറിച്ചുമുള്ള കുട്ടികളുടെ സംശയങ്ങൾക്ക് അദ്ദേഹം വിശദമായ മറുപടി നൽകി. 8-ാം തരത്തിലെ ശിവരഞ്ജിനിയുടെ 'ഹരിവരാസന'ത്തിന് ഒപ്പം തബല വായിച്ച് കുട്ടികളുടെ ആഗ്രഹം അദ്ദേഹം സഫലമാക്കി.തുടർന്ന് തബലയും കീബോർഡും മാറിമാറി ഉപയോഗിച്ച് കൊണ്ട് കുട്ടികളെ വിസ്മയഭരിതരാക്കി.ചെറുപ്പത്തിൽ തന്നെ സംഗീതം അഭ്യസിച്ചു തുടങ്ങണമെന്നും മനസ്സിൽ സംഗീതം ഉള്ളവർക്ക് ജീവിതത്തിലെ ഏതു പ്രതിസന്ധി ഘട്ടത്തിലും അത് ആശ്വാസമരുളുമെന്നും അദ്ദേഹം കുട്ടികൾക്ക് സന്ദേശം നൽകി.വേറിട്ട അനുഭവം സമ്മാനിച്ച ശ്രീ.ശിവരാജിനും അതിനവസരമൊരുക്കിയ വിദ്യാഭ്യാസ വകുപ്പിനും നന്ദി പറഞ്ഞു കൊണ്ടാണ് കുട്ടികൾ മടങ്ങിയത്.

## രണ്ടാം ദിവസം







*വിദ്യാലയം പ്രതിഭകളോടൊപ്പം' പദ്ധതിയിലെ രണ്ടാം ദിവസമായ 18/11/2019 തിങ്കളാഴ്ച ഒൻപതാം തരത്തിലെ 15 കുട്ടികളും 2 അദ്ധ്യാപികമാരുമടങ്ങിയ സംഘം സന്ദർശിച്ചത് പ്രശസ്ത നാടകഗാനരചയിതാവും കവിയും ഗായകനുമായ ശ്രീ.പി വി സി നമ്പ്യാരെയാണ്. ഇരിയ ലാലൂരുള്ള അദ്ദേഹത്തിന്റെ വീട്ടിലെത്തി പൂക്കൾ നൽകി കുട്ടികൾ ആദരിച്ചു. വ്യോമസേനാ ഉദ്യോഗസ്ഥനായും അനർട്ട് എൻജിനീയറായും കവിയായും ഒക്കെ ശോഭിച്ചിട്ടുള്ള അദ്ദേഹത്തോടൊപ്പം ചെലവഴിച്ച 1 മണിക്കൂർ പുതിയ അനുഭവങ്ങളും പാഠങ്ങളുമാണ് കുട്ടികൾക്ക് പകർന്നു നൽകിയത്.*

*കലാരംഗത്ത് അദ്ദേഹം ശ്രദ്ധിക്കപ്പെട്ടത് നാടകഗാനങ്ങളുടെ രചനയോടുകൂടിയാണെന്നും അതിന് സംസ്ഥാന സർക്കാരിന്റെ അവാർഡ് ലഭിച്ചത് മറക്കാനാവാത്ത അനുഭവമാണ് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.സമൂഹത്തിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയെക്കുറിച്ചും മാതാപിതാക്കളെ വൃദ്ധസദനങ്ങളിലേക്കയക്കുന്ന പുതുതലമുറയുടെ രീതികളേക്കുറിച്ചും അദ്ദേഹം എഴുതിയ കവിതകൾ ഹൃദ്യങ്ങളായിരുന്നു.അവ മനോഹരമായി ആലപിക്കുക കൂടി ചെയ്തപ്പോൾ ഏവരുടെയും കണ്ണുകൾ ഈറനണിഞ്ഞു. മാതാപിതാക്കളെ, അധ്യാപകരെ, മുതിർന്നവരെ ഒക്കെ ബഹുമാനിക്കുന്ന, അനുസരിക്കുന്ന നല്ല പൗരൻമാരായി വളരണമെന്ന സന്ദേശം അദ്ദേഹം കുട്ടികൾക്ക് നൽകി. 'ഗുരുശിഷ്യ ബന്ധത്തിന്റെ ഉദാത്ത മാതൃക' എന്നു തോന്നും വിധം, 40 വർഷങ്ങൾക്കു ശേഷം തന്റെ ഗുരുവിനെ കാണാൻ പോയ അനുഭവം അദ്ദേഹം കുട്ടികൾക്ക് വിവരിച്ചു കൊടുത്തു. താങ്കൾ തിളങ്ങിയിട്ടുള്ള മേഖലകളിൽ ഏറ്റവും ഇഷ്ടം ഏതെന്ന കുട്ടികളുടെ ചോദ്യത്തിന് 'സൈനികൻ' എന്ന മറുപടി നൽകിക്കൊണ്ട് മാതൃരാജ്യത്തോടുള്ള സ്നേഹം അദ്ദേഹം പ്രകടിപ്പിച്ചു. സാഹിത്യ രംഗത്തെ ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകിയ കുട്ടികൾക്ക് സമ്മാനങ്ങളും നൽകിയാണ് അദ്ദേഹം യാത്രയാക്കിയത്. അവിടെ ചെലവഴിച്ച ഒരു മണിക്കൂർ ഒരായുസ് മുഴുവൻ ഓർക്കാനുള്ള മനോഹരമായ ഓർമ്മകളാണ് സമ്മാനിച്ചത്.*

## മൂന്നാം ദിവസം





വിദ്യാലയം പ്രതിഭകളോടൊപ്പം പദ്ധതിയുടെ ഭാഗമായി ഇരിയയിലെ പ്രശസ്ത ഗായിക ശ്രീദിവ്യയോടൊപ്പം ചെലവഴിച്ച വിലപ്പെട്ട നിമിഷങ്ങൾ ഏതൊരു വിദ്യാർത്ഥിയുടെയും മനസ്സിൽ എന്നെന്നും നിലനിൽക്കും. തന്റെ സർഗവാസനയെ പ്രോത്സാഹിപ്പിക്കാൻ സഹായകമല്ലാത്ത ദരിദ്ര കുടുംബത്തിൽ താങ്ങും തണലുമായ അച്ഛനെ സഹായിക്കാൻ പ്ലസ് ടുവിൽ പഠനം നിർത്തി, റെക്കോർഡിങ്ങിനിറങ്ങി. അതിലൂടെ സഹോദരിമാരുടെ പഠനച്ചുമതല ഏറ്റെടുത്തു.സ്വന്തം വരുമാനം കൊണ്ട് സംഗീതത്തിന്റെ ബാലപാഠങ്ങൾ പഠിച്ചു.കാഞ്ഞങ്ങാട് രാമചന്ദ്രൻ സാറിനെപ്പോലുള്ള പ്രഗൽ ഭരായ സംഗീതാദ്ധ്യാപകരുടെ അനുഗ്രഹത്തോടെയാണ് താൻ സ്വപ്നം കണ്ട സംഗീതകലയുടെ പടവുകൾ കയറിയത്.കുട്ടികളുടെ എല്ലാ ചോദ്യങ്ങൾക്കും വളരെ ലളിതമായി സ്വന്തം ജീവിത സാക്ഷ്യങ്ങളിലൂടെ ഈ അനുഗ്രഹീത ഗായിക മറുപടി നൽകി.വിവിധ ഭാഷകളിലായി ശ്രീദിവ്യ ആലപിച്ച രണ്ടായിരത്തിലേറെ ഗാനങ്ങൾ റെക്കോർഡ് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്നും തന്റെ ഗുരുക്കൻമാരെ ദൈവതുല്യരായി കാണുന്ന , എളിമയും ലാളിത്യവും വാക്കിലും പ്രവർത്തിയിലും പ്രകടമാക്കുന്ന ശ്രീദിവ്യ അംഗീകരിക്കപ്പെടേണ്ട ഒരു പ്രതിഭ തന്നെയാണ്.

# നാലാം ദിവസം







വിദ്യാലയം പ്രതിഭകളോടൊപ്പം പദ്ധതിയിൽ ഇന്ന് ഇരിയയുടെ അഭിമാനമായ കായലടുക്കത്തെ ആയുർവേദാചാര്യൻ രാജൻ വൈദ്യരെയാണ് ഇരിയ സ്കൂളിലെ കുട്ടികൾ സന്ദർശിച്ചത്. ആയുർവേദ, കളരി–മർമ്മ ചികിത്സാ രംഗത്തെ പ്രമുഖനാണ് അദ്ദേഹം. കൂടാതെ, യോഗയിലും കരാട്ടേയിലും വിദഗ്ധനാണ്. പ്രകൃതിരമണീയമായ വീടും പരിസരവുമാണ് അദ്ദേഹത്തിന്റേത്. പൂച്ചെണ്ട് നൽകി കുട്ടികൾ അദ്ദേഹത്തെ ആദരിച്ചു.ആയുർവേദ ചികിൽസാരീതികളേക്കുറിച്ചും യോഗയേക്കുറിച്ചുമെല്ലാം കുട്ടികൾ ചോദിച്ചറിഞ്ഞു.ഇവയിലൂടെ ശാരീരികവും മാനസികവുമായ ഉണർവ്വും ഉൻമേഷവും ലഭിക്കുമെന്ന് പ്രണവം എന്ന യോഗവിദ്യ ചെയ്തുകൊണ്ട് അദ്ദേഹം വിശദീകരിച്ചു. പുതിയ കാലഘട്ടത്തിൽ മനുഷ്യന്റെ പല രോഗങ്ങൾക്കും കാരണം തെറ്റായ ഭക്ഷണരീതികളും വ്യായാമമില്ലായ്മയും തെറ്റായ ഗൃഹനിർമ്മാണ രീതികളുമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.ശുദ്ധജലം ധാരാളം കുടിക്കുകയും മലമൂത്ര വിസർജ്ജനം കൃത്യമായി നടത്തുകയും ചെയ്താൽതന്നെ പല രോഗങ്ങൾക്കും ശമനമുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. മുറ്റത്തും പറമ്പിലുമെല്ലാം ഔഷധച്ചെടികളുടെ ഖനി തന്നെ ഉണ്ട്.ഓരോന്നും അദ്ദേഹം കുട്ടികൾക്ക് പരിചയപ്പെടുത്തി.വരും തലമുറയെങ്കിലും പ്രകൃതിയെ സ്നേഹിക്കുകയും പ്രകൃതിയോടിണങ്ങി ജീവിക്കുകയും ചെയ്യുണമെന്നുള്ള സന്ദേശമാണ് ഒന്നര മണിക്കൂർ സമയം കൊണ്ട് അദ്ദേഹം കുട്ടികൾക്ക് നൽകിയത്.

## കുഞ്ഞെഴുത്തുകൾ

### കുളിര്

***അറിയൂ ലോകമേ എന്റെ ഈ നോവുകൾ***
***വെയിലേറ്റ കരിഞ്ഞ എന്റെ കരങ്ങൾ.....***
***അറിയുന്നില്ലേ എന്റെ വ്യസനങ്ങൾ.......***
***അറിയുന്നില്ലേ എന്റെ വ്യാകുലതകൾ.....***
***പറയൂ , ഉദയസൂര്യനെ , കാറ്റേ.........***
***ഉദിച്ചുപൊന്തുന്ന ചക്രവാളമേ....***
***വെൺ നിലാവേ.....***
***നിങ്ങളെങ്കിലും കാണുന്നില്ലേ....***
***എന്റെയീ  പൊട്ടിവിളറിയ ശരീരം....***
***ദു: ഖമാം അലയിട്ടടിക്കുന്ന തിരമാലകൾ***
***അതിൽ മുങ്ങിക്കളിക്കുന്ന ജീവിതമേ ...***
***അറിയൂ എന്റെയീ പൊട്ടിക്കരച്ചിൽ...***
***ദൈവമേ, തരൂ എനിക്കിത്തിരി ആശ്വാസം***
***വെളിച്ചമേ തരൂ ജീവിതത്തിനിത്തിരി പ്രകാശം***
***മഞ്ഞുനീർതുള്ളിയെ, തരൂ ഈ തീവ്രമാം***
***ദുഖത്തിനിത്തിരി കുളിര്.......***

## കാർമുകിലിൻെറ സമ്മാനം

**കരയാൻ വിതുമ്പുന്ന കാർമുകിലേ**

**നിൻെറ ഇരുളിന്റെയുള്ളിലെ രഹസ്യമെന്താ?**

**നിന്റെയീ കണ്ണിലെ കണ്ണുനീരിന്നെന്റെ**

**ഭൂമിയെ ആനന്ദഭരിതമാക്കുന്നു**

**ജീവിതച്ചൂടിൽ നിന്നൊരാശ്വാസം ഏകുവാൻ**

**നിൻ കണ്ണുനീർ പതിക്കുന്നിതാ ഭൂമിയിൽ**

**പുഴകൾക്ക് കുളിരു നീ.....**

**ചെടികൾക്ക് ജീവൻ നീ....**

**ജീവജാലങ്ങൾ തൻ ശ്വാസം നീയേ**

**ഭൂമിതൻ ജീവനാകുന്നു നീ മുകിലേ**

**മണ്ണിനൊരാശ്വാസമേകുവാൻ പിറന്നിതാ**

**ഭൂമിയിൽ നീ....**

**പ്രകൃതിക്ക് തണലേകാൻ പിറന്നു**

**നീ ഭൂമിയിൽ**

**കരയാൻ വിതുമ്പുന്ന കാർമുകിലേ.....**

*** * * * * * * * * * ***

അപർണ കെ

ക്ലാസ്സ് IX

## ഏകനായി....യാത്രയായി

ആരോ ചൊല്ലി ഞാനേകനാണ്,
ആരോ ചൊല്ലി ഞാൻ ദു:ഖിതനാണ്,
എല്ലാം കാണുവാനും,കേൾക്കുവാനും
വിധിച്ചവനാണ്...     പക്ഷെ,
ഞാ***ൻ*** ഒറ്റയ്ക്കാണ് .
ഓർമകൾ എന്നിളം ചുവലുകളിൽ തഴുകി,
സ്നേഹം കൊടുക്കുവാനല്ലാതെ
തിരിച്ചൊന്ന് കിട്ടാൻ
സഖികളില്ല ,അമ്മയില്ല,അച്ഛനോ
സഹോദരങ്ങളോ മിത്രങ്ങളോ ഇല്ല,
ആഗ്രഹങ്ങൾ ഏറെയാണ്,പക്ഷേ...
അതെൻ കൊക്കുകളിൽമാത്രമൊതുക്കി...
സൂര്യനെ സ്നേഹിച്ചും കാറ്റിനെ മോഹിച്ചും
കുളിരിനെ പ്രണയിച്ചും കഴിഞ്ഞു ഞാൻ....
ഞാൻ  ഒറ്റയ്ക്കാണ് .
ജീവിതം! അതെൻ മനസ്സിൽ നൃത്തമാടി,
താളവും മേളവും ഞാൻ മാത്രം കേട്ടു,
ഏകാന്ത നിമിഷങ്ങൾ വെറുത്തു ഞാൻ,
ദു:ഖങ്ങൾ ഇതളിട്ട ഇടനാഴിയിൽ
ഇന്നെന്റെ കാൽപ്പാടുകൾ പതിയവേ......
കാലം തെളിയിച്ച യാത്രയാകും വേളയിലും......
ഞാൻ  ഒറ്റയ്ക്കാണ് .

********

***ദേവിക.എ,10 A***

# എന്റെ നാട്

നന്മ നിറഞ്ഞൊരു നാടാണ്
നമ്മുടെ സ്വന്തം നാടാണ്
നന്മകൾ മാത്രം ചെയ്തവരെ
നല്ലവരായി മാറുള്ളു
മതഭേദങ്ങൾ ഇല്ലാതെ
മനുഷ്യരെല്ലാം ഒന്നാണ്
ഹിന്ദു,മുസൽമാൻ,ക്രിസ്ത്യൻ
അങ്ങനെ  പലമതമാം സമ്പന്നം
പക്ഷിമൃഗാദികൾ ,തോടുകൾ,
വയലുകൾ,കുളങ്ങൾ,മരങ്ങൾ,
നിറഞ്ഞതാണന്റെ നാട്.
ചെറുമീനുകളും ഞണ്ടുകളും
ചെറുകൂട്ടങ്ങളായി താമസിക്കുന്നു.
മഴ പെയ്യുന്ന സമയം കേൾക്കാം
തവളക്കുഞ്ഞിൻ കരച്ചിൽ ശബ്ദം.
ഓണപ്പൂലരി വരുന്നൊരുനേരം
കാണാം പൂക്കൾതൻ ഉത്സവാഘോഷം

************

അരുൺ

## ആഗ്രഹിച്ച നിധി

ഗോവിന്ദം എന്ന ഗ്രാമത്തിൽ പാവപ്പെട്ട ഒരു അമ്മയും മകളുമുണ്ടായിരുന്നു.അവളുടെ അമ്മ രാവു എന്ന മുതലാളിയുടെ പൂന്തോട്ടത്തിൽ നിന്ന് പൂപറിച്ച് വിൽക്കുകയായിരുന്നു ജോലി. അങ്ങനെയിരിക്കെ അവൾക്ക് വലിയ റോസ് നിറമുള്ള പാവയെ വേണമെന്ന് അമ്മയോട് പറഞ്ഞു .ഒരു മുതലാളിയുടെ കീഴിൽ ജോലി ചെയ്യുന്ന എനിക്കെവിടുന്നാ മോളെ കാശ് . അവൾ ആ പാവയെ മനസ്സ് കൊണ്ട് ആഗ്രഹിച്ചു പോയി .എന്നാലും അമ്മയുടെ കഷ്ടപ്പാട് ഓർത്ത് അവൾ അവളുടെ ആഗ്രഹത്തെ വലിച്ചെറിഞ്ഞു .അവൾ ഒരു ദിവസം രാവിലെ എഴുന്നേറ്റ് വാതിൽ തുറന്നപ്പോൾ അവിടെ ഒരു പെട്ടി കണ്ടു അവളും അമ്മയും അത്ഭുതത്തോടെ തുറന്നു . അത് വലിയ റോസ് നിറമുള്ള പാവയായിരുന്നു.അവൾക്ക് അങ്ങനെ ആഗ്രഹിച്ച നിധി സമ്മാനമായി ലഭിച്ചു.

* * * * ** * * * *

ആദിത്യ.സി

*ക്ലാസ്സ്-7*

## എന്തിനീ ക്രൂരത ?

ഹേ മനുഷ്യാ.... നീയെന്തിനീ പാപം

ചെയ്തു .... എന്നെ നീ അനാഥനാക്കി......

അനേകം കൈകളും കാലുകളുമുള്ള

ഈ ആൽമരത്തെ അനാഥനായയെന്നെ-

നീയെന്തിനു വെറുതേവിട്ടു?

മനുഷ്യനും സസ്യജീവജാലങ്ങളുമൊന്നല്ലേ...

നമ്മുടെ നാട് ...മാതാവിൻ മക്കളല്ലേ...?

സ്വന്തം സഹോദരങ്ങളായ ഞങ്ങളെ -

യെന്തിനീ മനുഷ്യൻ കഷണങ്ങളാക്കി ....?

കാലം കലികാലമല്ലയോ കലിയുഗമല്ലയോ

സ്വന്തം മക്കളെ വേണ്ടാത്തവർക്കെന്തിനി-

പിന്നെയീ മരങ്ങൾ ..

ഹേ... മാനവജീവന്മാരെ...മതിയായില്ലേ ഈ ക്രൂരകൃത്യം

ഹേ നീചരായ മനുഷ്യരെ ഓർത്തോളൂ നിങ്ങൾ

* * * * * * * * * *

ശിവരഞ്ജിനി പി

VIII B

## എന്ത് മനോഹരം എന്റെ നാട്

എത്ര സുന്ദരം എത്ര മനോഹരം

എന്റെ നാട്......

കാടുകളും പുഴകളും തോടുകളും അടങ്ങിയ

നാടാണ് എന്റെ നാട്

എത്ര സുന്ദരം എത്ര മനോഹരം

എന്റെ  നാട്........

വയലുകളിൽ പൊന്നുവിളയും

എന്റെ നാട്ടിൽ.......എന്ത് ഭംഗി

എന്റെ നാട് എത്ര സുന്ദരം നാട്.....

**********

അർജുൻ.കെ.വി

VIII A

## ഒറ്റപ്പെട്ടു പോയ നിലാപക്ഷി

മറുച്ചുവടിന്റെ തണലിൽ അവളുടെഏകാന്തമായ മനസ് അലഞ്ഞു തിരയുകയാണ് ആരെയോതിരയുന്നപോലെ
അവളുടെമനസിൽ എന്തോവലിയ ദുഖമുണ്ട്..ഒറ്റയ്ക്കവൾ
ആ മരത്തണലിൽ അവൾ ഇരിക്കുന്നതുകണ്ട് അവളുടെ
കൂട്ടുകാരികൾ അരികിലെത്തി നീന നീയെന്താ ഇവിടെ
ഒറ്റയ്ക്കിരിക്കുന്നേ, നിനക്കും ഞങ്ങളുടെ കൂടെ വന്നൂടെ...
കൂട്ടുകാരികളിൽ ഒരാൾ അവളോട് ചോദിച്ചു.പക്ഷേ അവളതിനു മറുപടിനൽകിയില്ല.അവളീ ഭൂമിയിൽ തനിച്ചാണ് എന്ന ചിന്തയിൽ അവളതിനു തുനിഞ്ഞില്ല.
അവളുടെ ഹൃദയംവിങ്ങിപൊട്ടുകയാണ് ആദ്യമവളുടെ
മുഖം തെളിഞ്ഞിട്ടുണ്ടായിരുന്നില്ല.കൂട്ടുകാരികളുടെസ്നേഹം അവളെ കരയിപ്പിച്ചു.നീയെന്തിനാണ് കരയുന്നത് ...അവൾ പറഞ്ഞു
" എനിക്കി ലോകത്ത് സ്വന്തമെന്നുപറയാൻ ആരുമില്ല
ഞാൻഒറ്റയ്ക്കാണ്.മറ്റുള്ളവരുടെ മുന്നിലല്ല എന്റെ മനസിൽ
ഇങ്ങനെ പറുഞ്ഞു കൊണ്ടവൾ പൊട്ടികരഞ്ഞു"

അവളുടെകൂട്ടുകാരികൾക്ക് ഒന്നും മനസിലായില്ല "ഇവളെന്താണീങ്ങനെയൊക്കെ സംസാരിക്കുന്നത് ?" അവർ തമ്മിൽ പിറുപിറുത്തു. പക്ഷേ നീനയുടെ മനസിലെ വിഷമം ആർക്കുംതന്നെ മനസിലാവുന്നില്ല. തലേദിവസം അവൾ ഒരു പോളകണ്ണടച്ചില്ല.

എന്തുകൊണ്ടെന്ന ചോദിച്ചാൽ.അവൾ ഹോസ്റ്റലിലാണ് താമസം . അവൾ ഡിഗ്രി ഒന്നാം വർഷം വിദ്യാർത്ഥിയാണ് .അവളെ അവിടെ ചേർക്കാൻ ഒപ്പം വന്നത് അവളുടെ അച്ഛനാണ് .അവളുടെ അച്ഛൻ ഇന്നീ ലോകത്തിലില്ല ഒരു കാറപകടത്തിൽ ആണ് അയാൾ ലോകത്തോട് വിട പറഞ്ഞത്. പിന്നെ ഉള്ളത് അനിയനാണ്.അനിയൻ അവളുടെ അമ്മായിയുടെ വീട്ടിലാണ് താമസം.അവളുടെ അമ്മ അച്ഛൻ മരിച്ചതിന് ശേഷം കുറച്ച് ദിവസങ്ങൾക്കകം അമ്മയുടെ കാമുകനോടൊപ്പം ഒളിച്ചോടി . ഓരോ ആഴ്ചയിലും അവളുടെ കൂട്ടുകാരികളെ കാണാൻ അവരുടെ മാതാപിതാക്കളും ബന്ധുക്കളും വരുന്നുണ്ട് എന്നാൽ അവളെ നോക്കാൻ ആരുമില്ല.അവളുടെ കാര്യത്തിൽ ആർക്കും ശ്രദ്ധയില്ല.

എല്ലാവരും അവളെ ഒറ്റപ്പെടുത്തി.

എന്നാൽ ,അവളെ ഒറ്റപ്പെടുത്താത്തത് അവളുടെ സുഹൃത്തുക്കളാണ് അതിൽ അവൾക്ക് ഏറ്റവും ഇഷ്ടം നന്ദുവിനെയാണ്.

* * * * * * * * * * * *

കീർത്തനാ കൃഷ്ണൻ

10 A

## ക്യാൻസർ രോഗികൾക്ക് തുണയായി നിന്ന ഒരു കൊച്ചു ബാലികയുടെ കഥ

ഒരിടത്തൊരിടത്ത് ഒരു പെൺകുട്ടിയും അവളുടെ അമ്മയും അച്ഛനും അടങ്ങുന്ന ഒരു കുടുംബമുണ്ടായിരുന്നു. ആ പെൺകുട്ടിയുടെ അമ്മ ഒരു ടീച്ചറും,അച്ഛൻ ഒരു സർക്കാർ ഓഫിസറുമായിരുന്നു.ഒരു വലിയ വീട്ടിലായിരുന്നു ഇവരുടെ താമസം.പെൺകുട്ടിയുടെ പേര് അമ്മു എന്നായിരുന്നു.അമ്മു എപ്പോഴും സ്കൂളിൽ പോകുമ്പോൾ അവളുടെ അമ്മയും അച്ഛനും ധാരാളം കാശു കൊടുക്കുമായി രുന്നു.അമ്മു സ്കൂൾ വിട്ട് വരുന്ന സമയത്ത് ആ കാശുകളെപ്പറ്റി മാതാപിതാക്കൾ അവളോട് ഒന്നുംചോദിക്കുമായിരുന്നില്ല.അങ്ങനെ കാലങ്ങൾ കഴിഞ്ഞു. അമ്മുവിന്റെ പിറന്നാൾ ദിവസമെത്തി.എല്ലാ പിറാന്നാൾ ദിവസവും അമ്മുവിന്റെ മാതാപിതാക്കൾ അവൾക്ക് ഇഷ്ടമുള്ള സ്ഥലത്തേക്ക് യാത്ര ചെയ്യും. ഈ പിറന്നാൾ ദിവസവും അവളോട് അവളുടെ മാതാപിതാക്കൾ ചോദിച്ചു.എല്ലാ പിറന്നാൾ ദിവസവും അവൾ പറയുന്ന മറുപടിയിൽ നിന്നും വ്യത്യസ്തമായിരുന്നു ഈ പിറന്നാളിന് അവൾ പറഞ്ഞത്. അമ്മുവിന്റെ ആ മറുപടി കേട്ട് അവളുടെ അച്ഛനും അമ്മയും അത്ഭുതപ്പെട്ടു. അമ്മുവിന്റെ ആവശ്യാനുസരണം അവർ അവിടെ എത്തി. അതൊരു ക്യാൻസർ വാർഡായിരുന്നു. അനേകം രോഗികൾ! അവർ അവരുടെ രോഗം മാറ്റാനായി കാശിനുവേണ്ടി അലയുന്നത് അവൾ കണ്ടു. അവളുടെ മാതാപിതാക്കൾ നിത്യവും കൊടുക്കുന്ന കാശ് അമ്മു ഒരു കുടുക്കയിൽ സൂക്ഷിക്കുമായിരുന്നു.അങ്ങനെസൂക്ഷിച്ചുവെച്ചുകിട്ടിയഇരുപതിനായിരംരൂപഅവൾ ആക്യാൻസർരോഗികൾക്കായ്നൽകി.അവളുടെസന്മനസുകണ്ട്മാതാപിതാക്കളുംഅ വിടെയുണ്ടായിരുന്ന എല്ലാവരും മതിമറന്ന നിന്നു. അമ്മുവിന്റെ ആ സന്മനസുകണ്ട് അവളുടെ അച്ഛനും അമ്മയും അഭിമാന പുളകിതരായി. പിന്നീട് അമ്മു ടിവിയിലും മറ്റുമാധ്യമങ്ങളിലും നിറഞ്ഞു നിന്നു. അമ്മുവിന്റെ ഈ പ്രവ്യത്തി എല്ലാവർക്കും ഒരു പ്രചോദനമായി.

അനഘമോൾ.വി (7A)

## കാർമുകിലിന്റെ വർണം

മുകിലെ ....മുകിലെ...കാർമുകിലെ....

പെയ്യാൻ  തുടിച്ചു നിൽക്കുന്ന കാർമുകിലെ.....

നിന്റെ ആ വർണം ശോഭ നമ്മെ ആടിയുലയ്ക്കുന്നല്ലോ മുകിലേ....
നിന്റെ ആ സൗന്ദര്യം അതെന്റെതാളംതെറ്റിക്കുന്നല്ലോ
നീപെയ്തിറങ്ങുന്ന സമയം

നിന്നെ നോക്കിനിൽക്കാൻ എന്തു രസാ.
ഇടക്കിടെ മാർത്താണ്ഡനെ മറയ്ക്കുന്നവല്ലോ നീ
ഭൂമിയെ നീയല്ലോ ഫലഭൂയിഷ്ഠമാക്കുന്നത്
അപ്പോൾ നീയെത്ര അനുഗ്രഹീതനാണ്

മുകിലേ.....മുകിലേ.....കാർമുകിലേ......

പെയ്യാൻ തുടിച്ചു നിൽക്കുന്ന കാർമുകിലേ.....

ശ്രീലക്ഷ്മി

VIII

# ജീവിതം നീണ്ട സൗഹൃദം

***അർധരാത്രി അവൾ കണ്ണു തുറന്ന് കിടന്നു. സങ്കടത്തിന്റെ നീർച്ചാലുകൾ കണ്ണിൽനിന്നും ഉതിർന്നു ഇന്നലത്തെ കാര്യങ്ങളോർത്ത്. അവളാഗ്രഹിച്ചത് അതല്ലായിരുന്നു. അവന്റെ വാക്കുകൾക്കിടയിൽ അവൾ ശ്വാസമുട്ടി .. മറഞ്ഞു പറയാൻ അവൾക്കായില്ല. അടക്കി പിടിക്കാൻ ശ്രമിച്ചു. പക്ഷെ അതും അവൾക്ക് കഴിഞ്ഞില്ല.***

***കണ്ണുനീര് തുടച്ച് അവൾ എഴുന്നേറ്റ് പുറത്തേക്കു നടന്നു. ചന്ദ്രനും മരങ്ങളും കാറ്റും അവളെ നോക്കുകയാണെന്ന് അവൾക്കു തോന്നി. " അവരെങ്കിലും എന്റെ സങ്കടങ്ങൾ അറിഞ്ഞിരിക്കുന്നു; ദൈവമേ എന്നോടു ഇത്തിരി കരുണ കാണിക്കൂ! അവൾ ചാരിയിരുന്നു.***

***" സ്നേഹംതിരിച്ചറിയാതെ, വാകൾ കൊണ്ട് തകർത്തെറിഞ്ഞ സൗഹൃദമാണെന്റേത് " അവളുടെചിന്ത നീണ്ടു തുടങ്ങി. സൗഹൃദം കൊണ്ടെത്തിച്ചത് വലിയ ചതിക്കുഴിയിൽ. വായിൽ നിന്നു വീഴുന്ന വാക്കുകൾ സത്യമാണെന്ന് തോന്നി. പക്ഷെ അത് അസത്യമായിരുന്നു .. പ്രഭാതത്തിൽ എഴുന്നേറ്റിരുന്നു. പിന്നെ ലക്ഷ്യം കോളേജായിരുന്നു. കോളേജിന്റെ വരാന്തയിലൂടെ നടന്നു നീങ്ങുമ്പോൾ അവൻമറുവശത്തുകൂടി വന്നു. അവൻ എന്തെക്കെയോ പറഞ്ഞു. പക്ഷെ അവളുടെ കാതുകളിൽ അതൊന്നും പതിഞ്ഞില്ല.***

***"ദേവു"-അവൻ ഉച്ചത്തിൽ വിളിച്ചു. അവൾ അപ്പോഴാണ് ഞെട്ടിയുണർന്നത് . കാര്യങ്ങൾ പറയാൻ തുടങ്ങി. പക്ഷെ അവൾ ഒന്നും മനസ്സിലാക്കിയില്ല. ആ സൗഹൃദം അവിടെ കെട്ടഴിഞ്ഞു.***

കോളേജിന്റെ പടിയിറങ്ങി രണ്ട് വർഷങ്ങൾ പിന്നിട്ടു. പ്രിയക്ക് പല കല്ല്യാണാലോചനകൾ വന്നു തുടങ്ങി. പഠിച്ച കഴിഞ്ഞേ കല്ല്യാണം വേണ്ടു എന്ന് അവൾക്ക് വാശി. അങ്ങനെ ഒരു ദിവസമാണ് മിഥുനെ കണ്ടുമുട്ടുന്നത്. ദിവസങ്ങൾ കഴിയുന്തോറും അവർ കൂടുതൽ അടുത്തു തുടങ്ങി. പിന്നെയും ദേവുവിന്റെ സൗഹൃദം തളിരിട്ടു. ആവലാതികളും സങ്കടങ്ങളും അവൾ പങ്കിട്ടു. സ്നേഹ സൗഹൃദത്തിന്റെ ശിഖരങ്ങൾ ജീവിതമാകുന്ന മരത്തിൽ വളർന്നു തുടങ്ങി. മദ്യപാനിയും, പുകവലിക്കാരനുമായിരുന്നു മിഥുൻ. പക്ഷെ ഇത് അവൾ അറിഞ്ഞില്ല. സൗഹൃദം നീണ്ടുപോകുന്നതിനിടയ്ക്ക് അവൻ അതു ഉപേക്ഷിക്കാൻ തയ്യാറായി. അവന്റെ ജീവിതം നന്നായി തുടങ്ങി. അതിൽ ദേവുവിനുള്ള പങ്ക് വലുതായിരുന്നു.

തകർച്ചകൾക്കിടയിൽ കൈപിടിക്കാൻ അവൻ അവർക്കിടയിൽ ഒരു തണലായി നിന്നു. അങ്ങനെ അവരുടെ ജീവിതം നീണ്ട സൗഹൃദമായി.

****************

ദേവിക. എ

VIII B

## നല്ലവനായ വേട്ടക്കാരൻ

ഒരുനാട്ടിൽഒരുദിവസംപുലിയിറങ്ങി. അതിനെപിടികൂടാൻ കുറേപേർനോക്കിയെങ്കിലുംപിടികൂടാൻകഴിഞ്ഞില്ല. ദിവസം കഴിയുംതോറുംമനുഷ്യൻമാർതീരാൻതുടങ്ങി. ആ സമയമാണ് ഒരു വേട്ടകാരൻ ആ നാട്ടിലെത്തിയത് . അയാൾ പുലിയിറങ്ങിയകാര്യം അറിഞ്ഞതോടെ അതിനെ പിടികൂടാനുള്ള പരിശ്രമം ആരംഭിച്ചു. ദിവസങ്ങൾ കൊണ്ട് ആ വേട്ടക്കാരൻ പുലിയെ പിടികൂടി. ജനങ്ങൾ സന്തോഷത്താൽ ആ വേട്ടക്കാരനെ ആനാടിൻെറതലവനായിനിയമിച്ചു. അങ്ങനെ എല്ലാവരുംസന്തോഷത്തോടെ ജീവിച്ചു. നല്ലവനായ, സ്നേഹമുള്ള ആ വേട്ടക്കാരന് നാട്ടുകാർ ഒരായിരം നന്ദി പറഞ്ഞു .

** * * * * * *

മുഹമ്മദ്

IX A

## പ്രകൃതിയെന്ന മാതാവ്

മരമില്ല ,മഴയില്ല, ജലവുമില്ല
എല്ലാം മനുഷ്യന്റെ ചൂഷണങ്ങൾ
എവിടെയാണെവിടെയാ പർവ്വതങ്ങൾ
എവിടെയാണെവിടെയാ മലനിരകൾ(2)
കാടില്ല ,കാവില്ല ,പൂക്കളില്ല എങ്ങും
വനമില്ല ,പുഴയില്ല ,ജലവുമില്ല
ഫാക്ടറി പോലുള്ള കെട്ടിടങ്ങൾ
നിർമ്മിച്ച ഭൂമി അശുദ്ധമാക്കി
മലിനജലംകൊണ്ട് പുഴകളെല്ലാം
മനുഷ്യന്റെ കൈകൊണ്ടശുദ്ധമാക്കി
എല്ലാം സഹിക്കുന്ന പ്രകൃതി മാതാവിനെ
നാമെല്ലാമൊന്ന് സ്മരിക്കുക.........

***********

ദേവിക കെ

*X A*

## പ്രളയം

ഓർക്കാതെ വന്നൊരു ദുരന്തമാണത്
ജീവൻ കെടുത്തുന്ന ആയുധമാണ്
ഈ ദുരന്തത്തിൽ നിന്നൊന്ന് കരകയറുവാൻ
ആറ്റുനോറ്റിരിക്കുന്ന ജീവനുകൾ
അറിയാതെവന്നൊരുദുരന്തമാണതെങ്കിലും
ഇത് വരുത്തിവെച്ചവർ നാം തന്നെ
ഓർക്കാതിരിക്കാൻകഴിയില്ലൊരാൾക്കും
ഓർക്കുമ്പോൾ നെഞ്ചിലൊരു വിങ്ങലായ് കരടായ്.....
കാടും മലകളും പിഴിതെറിഞ്ഞു
പുഴകളും നദികളും മലിനമാക്കി....
നാം ചെയ്തക്രൂരതകൾക്കൊക്കെയും
നാം തന്നെ ഫലമനുഭവിച്ചീടേണമെന്നെന്നും....

* * * * * * * * * *

അനഘമോൾ വി
VII A

# മാതൃഭൂമി

**സ്വന്തം മാതൃഭൂമിയോട് ഓരോ വ്യക്തികളുടേയും ഹൃദയത്തിൽ അഗാധമായ ആത്മബന്ധം ഉണ്ടായിരിക്കും .മാതൃഭൂമിയെക്കുറിച്ച് ഓരോ വ്യക്തിയും അഭിമാനം കൊള്ളുന്നു.ഇതിനെയാണ് ദേശസ്നേഹം എന്ന് പറയുന്നത്. മാതൃഭൂമിയോടുള്ള സ്നേഹം ഓരോ വ്യക്തിയിലും ജന്മസിദ്ധമായുള്ള ഗുണമാണ് ജന്മനാട്ടിൽ നിന്ന് എത്ര നാൾ അകന്നു ജീവിച്ചാലും അവന്റെ മനസ്സിൽ സ്വന്തം നാടിനെക്കുറിച്ചുള്ള ഓർമ്മകൾ ഓളമടിക്കുന്നുണ്ടാവും .സ്വന്തം ഗ്രാമവും സംസ്കാരവും അവന്റെ ഓർമ്മയിൽ തങ്ങിനിൽക്കുന്നു.എല്ലാ മനുഷ്യരിലും ഉള്ള സവിശേഷതയാണ് മാതൃഭൂമി യോടുള്ള സ്നേഹം .**

**മാതാവിനെപ്പോലെ തന്നെ നമുക്ക് ജന്മം നൽകുകയും പൊക്കി വളർത്തുകയും പരിപാലിക്കുകയും ചെയ്യുന്നതിൽ വലിയ പങ്കാണ് ജന്മഭൂമിക്കുള്ളത്. നാളത്തെ പൗരന്മാരാകേണ്ട നമ്മൾ രാഷ്ട്രത്തെ മുന്നോട്ട് നയിക്കുവാനുള്ള പ്രാപ്തി അവരിലുണ്ടാക്കുന്നതിന് പ്രധാനമായും വേണ്ടത് മാതൃ രാഷ്ട്രത്തോടും ഭൂമിയോടുമുള്ള സ്നേഹമാണ് .**

**ഭാരതത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ഐക്യവും മഹത്വവും തന്നെ വലിയൊരത്ഭുതമാണ്. ഇത്രയേറെ വിഭിന്നമായ ആചാരരീതികളും സംസ്കാരങ്ങളും ഭാഷകളും ജാതിമതങ്ങളുമുള്ള ഒരു ദേശം ഭൂമിയിൽ മറ്റെങ്ങുമില്ല. നമ്മുടെ സാംസ്കാരികത്തനിമയെക്കുറിച്ച് ബോധവാന്മാരാകുന്ന ഏതൊരു ഭാരതീയനും രാജ്യത്തെ സ്നേഹിച്ചു പോകും എന്ന കാര്യത്തിൽ സംശയമില്ല. ത്യാഗത്തിന്റെയും സത്യത്തിന്റെയും ചരിത്രമാണ് ഭാരതത്തിന്റെ ചരിത്രം.**

******

*അഭിനന്ദന.കെ*

*(പൂർവവിദ്യാർത്ഥി)*

# ലഭിക്കാത്ത സ്നേഹം

*കവിത*

ഭൂമിയാകുന്നീ പ്രപഞ്ചത്തിലെന്നും ഞാൻ

ഏകനാണ്

കൊഞ്ചുവാൻ അമ്മയും താങ്ങായ് അച്ഛനും

സ്നേഹം പകരുവാൻ സഹഹോദരങ്ങള്ള

മില്ലെനിക്ക്......

കരയുന്ന മേഘം പോൽ കരയാൻ പിന്നന്നു

ഞാനീധരണിയിൽ രാത്രിതൻ നിദ്രയിൽ

എന്നെ എടുത്തെന്റെ മാതാ പിതാക്കൾ

ഉപേക്ഷിച്ചു പോയ്

ഭൂമിയെൻ അമ്മയും മഴയെന്നെൻ അച്ചനും

ജീവജാലങ്ങളെൻ കൂട്ടുകാരും

മഴയും മിന്നും വരുന്നൊരു രാത്രിയിൽ

കരഞ്ഞു നിലവിളിക്കാറുണ്ട് ഞാൻ.

* * * * * * * * * *  *  *

അപർണ കെ

VIII

# അമ്മ

ഈ വീട്ടിൽ ഞാൻ തനിച്ചായതുപോലെ
എന്നെ വിട്ട്ദൂരേക്ക്പോയേവരും
പൂവുകൾ വിടരുന്നു,വാടുന്നു
സൂര്യൻ ഉയരുന്നു താഴുന്നു
എന്നാൽ അവനെ കാണുന്നില്ല
എൻ പ്രിയ പുത്രനെ
തുലാവർഷം തകർത്തുപെയ്യുന്നു
പൊരിവെയിൽ കത്തിജ്വലിക്കുന്നു
എൻ മനസിന്റെ വെമ്പൽ
ആരും കേൾക്കുന്നില്ല,കാണുന്നില്ല
മണ്ണെണ്ണവിളക്കിൻെറ തിരിനാള
വെളിച്ചത്തിൽ പടിവാതിലിൽ
വന്ന് ഞാൻ നോക്കിനിന്നവനെ
അവൻവരുമോഎന്നുഞാനാശങ്കപ്പെടുന്നു
അവൻ ഭക്ഷിക്കുമാഹാരം
എൻ വയർനിറച്ചു
അവൻെറ പാൽപുഞ്ചിരിയിൽ
ഞാൻഎന്നെ മറന്നു
അവൻെറ കാൽ നിലത്തുറച്ചപ്പോൾ
അവൻ ദൂരേക്ക് പോയി ദേശാടനത്തിനായ്
* * * * * * * * *

ബർഷ പി പി

*(പൂർവവിദ്യാർത്ഥി)*

## വിശപ്പിന്റെ മഹത്വം

മഞ്ചാടിക്കാട് എന്ന സ്ഥലത്ത് രണ്ട് പിരിയാത്ത സുഹൃത്തുക്കൾ താമസിച്ചിരുന്നു. അഞ്ജുവും അനുവും.അവർ പിരിയാത്ത സുഹൃത്തുക്കളായിരുന്നു.ജന്മ സുഹൃത്തുക്കൾ ഒരുമിച്ചവർ സന്തോഷിച്ചവർ.അങ്ങനെ ബാല്യം പങ്കിട്ടവർ. അനുവിന് ജോലി കിട്ടി എന്നാൽ അഞ്ജുവിന് ജോലി കിട്ടിയില്ല.അഞ്ജുവിന്റെ കുടുംബം വളരെ ദാരിദ്രം അനുഭവിച്ചു.എന്നാൽ അനുവിന്റെ കുടുംബം വളരെ സന്തോഷത്തിലുമാണ്. അഞ്ജുവിന്റെ കുടുംബത്തിന്റെ എന്ത് പ്രശ്നത്തിലും അനുവിന്റെ കുടുംബം സഹായിച്ചിരുന്നു. അതിനിടയിലാണ് രോഗം മൂലം അനു മരണപ്പെട്ടത്. ആ വിവരം അറിഞ്ഞ അഞ്ജുവിന് അത് സഹിക്കാൻ കഴിഞ്ഞില്ല.അത്അഞ്ജുവിന്റെമനസ്സിൽമാറാദുഃഖമായിമാറി . അങ്ങനെ ആരും സഹായിക്കാനില്ലാതെ അഞ്ജുവിന്റ കുടുംബം വളരെ ദാരിദ്രം അനുഭവിച്ചു. അങ്ങനെ അവർ വിശപ്പിന്റെ മഹത്ത്വം തിരിച്ചറിഞ്ഞു.

* * * * * * * * * * * **

*അശ്വതി കെ*

*IX A*

## തിരിച്ചറിഞ്ഞ സ്നേഹം

സന്ധ്യസമയം. കടൽത്തിരമാലകൾ ആർത്തിരമ്പുകയാണ് .വാതിക്കൽവന്നു നിന്ന കുട്ടനോട് ദേവു എന്തൊക്കെയോ പിറുപിറുത്തു.നിമിഷങ്ങൾക്കകം അവരിരുവരുംകടൽത്തീരത്തെത്തി.ഇന്നലെമണൽകൊണ്ട് തീർത്ത കൊട്ടാരം പൊട്ടിപൊളിഞ്ഞിരുന്നു.ഇരുവരും മുഖാമുഖം നോക്കി എന്നിട്ട് ഒട്ടും താമസിക്കാതെ അത് പുതുക്കി പണിതു തുടങ്ങി കുട്ടന് മൗനമായി ഇരിക്കാൻ പറ്റിയില്ല അവനതിനിടയിൽ സിനിമാഗാനങ്ങൾ പാടാൻ തുടങ്ങി.അത് പിന്നീട് മൂളലായി മാറി .....

എന്നിട്ടവൻ ചോദിച്ചു "ദേവൂ നിനക്ക് പാടാൻ അറിയില്ലേ"? ദേവു പറഞ്ഞു..

ആ കുറേശെപാടും, അത്ര തന്നെ..കുട്ടൻ പാടാൻ തുടങ്ങി . അവന്റെ പാട്ടിനൊപ്പം ദേവുവും കൂടി കൊട്ടാരം പണിതു .രണ്ടാളും ദൂരേക്കോടിചെന്നു.എന്നിട്ട് തിരിഞ്ഞുനോക്കി.ദൂരെനിന്ന് നോക്കുമ്പോൾ ആ കൊട്ടാരത്തിന്റെ ഭംഗി പൂർണമായും ആസ്വദിക്കാൻ കഴിഞ്ഞു . കുട്ടന് പണ്ടത്തെ ഓർമ്മകൾ വന്നു. ദേവൂനെ

പിരിഞ്ഞ് അച്ഛച്ഛൻ മരിച്ചപ്പോ അമ്മയുടെ വീട്ടിൽ താമസിച്ചത്. അന്നാണ്ദേവൂന്റെ സ്നേഹം കുട്ടൻ തിരിച്ചറിഞ്ഞത് അതുപോലെയാണ് മണൽ കൊട്ടാരത്തിന്റെ ചന്തവും.

*************

ദേവിക. എ

X A

*"അറിഞ്ഞതിൽ പാതി പറയാതെ പോയി*
*പറഞ്ഞതിൽ പാതി പതിരായും പോയി"*

-ചുള്ളിക്കാട്

